# ഉയർത്തെഴുന്നേല്പ് എന്താണ് പ്രഖ്യാപിക്കുന്നത്

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിന്റേയും നമ്മുടെ വിശ്വാസത്തിന്റേയും കേന്ദ്രമാണ് യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ (1 കൊരിന്ത്യർ 15:1–4). ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും നാം കൂടി വന്ന് കർത്തൃമേശയിൽനിന്ന്[1] പങ്കെടുക്കുമ്പോൾ യേശുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവ ഓർക്കുകയാണ് നാം. ഇപ്പോൾ നാം അവയിൽ മൂന്നാമത്തേതാണ് ശ്രദ്ധിക്കുന്നത് – ഉയർത്തെഴുന്നേൽപ്. "ഉയർത്തെഴുന്നേല്പിന്റെ പ്രാധാന്യം എന്ത്?" "ആ വലിയ സംഭവം എന്താണ് പ്രഖ്യാപിക്കുന്നത്?" എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടതായിട്ടുണ്ട്. അതിന്റെ ചില അടിസ്ഥാന സന്ദേശങ്ങൾ ഇതാ.

### യേശു ദൈവപുത്രൻ ആകുന്നു

ആദ്യമായി, യേശുവിന്റെ ദൈവികത്വത്തെ പ്രഖ്യാപിക്കുന്നു. റോമർ 1:4–ൽ പൗലൊസ് അവനെ കുറിച്ച് പറയുന്നു, "മരിച്ചിട്ടു ഉയർത്തെഴുന്നേറ്റിരിക്കയാൽ, വിശുദ്ധിയുടെ ആത്മാവ് സംബന്ധിച്ച്, ദൈവപുത്രൻ എന്ന് ശക്തിയോടെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു." യേശു ദൈവത്തിന്റെ പുത്രൻ തന്നെയാണെന്ന് ഉയർത്തെഴുന്നേല്പ് തെളിയിച്ചിരിക്കുന്നു.

അവൻ ഉയർത്തെഴുന്നേറ്റ അന്ന് പുലർച്ചെ മൃതശരീരത്തിൽ സുഗന്ധവർഗം അർപ്പിക്കുവാൻ ആദ്യം കല്ലറെക്കൽ എത്തിയത് സ്ത്രീകളായിരുന്നു. മറ്റു സ്ത്രീകളെ വിട്ട് മഗ്ദലക്കാരത്തി മറിയ, പത്രൊസിന്റേയും യോഹന്നാന്റേയും അടുക്കൽ വാർത്തയെത്തിക്കുവാൻ പോയി. അവൾ പറഞ്ഞതു പരിശോധിക്കുവാനായി, അപ്പൊസ്തലന്മാർ കല്ലറയിലേക്ക് ഓടി. കല്ലറയിൽ നോക്കിയപ്പോൾ, അവൻ വിശ്വസിച്ചു എന്നാണ് യോഹന്നാൻ പിന്നീട് പറഞ്ഞത്. ആദ്യം, എന്ത് വിശ്വസിക്കണമെന്നറിയാതെ യോഹന്നാൻ പത്രൊസിനോടുകൂടെ തോട്ടത്തിലേക്ക് പോയിരുന്നു. ശൂന്യമായ കല്ലറ കണ്ട് അവൻ വിശ്വസിച്ചു. യോഹന്നാന്റെ വിവരണം ഇതാ:

> അവന്റെ പിന്നാലെ ശിമോൻ പത്രൊസും വന്നു കല്ലറയിൽ കടന്നു ശീലകൾ കിടക്കുന്നതും അവന്റെ തലയിൽ ചുറ്റിയിരുന്ന റൂമാൽ ശീലകളോടുകൂടി കിടക്കാതെ വേറിട്ട് ഒരിടത്ത് ചുരുട്ടി വെച്ചിരിക്കുന്നതും കണ്ടു ആദ്യം കല്ലെറക്കൽ എത്തിയ മറ്റെ ശിഷ്യനും [അതായത്, യോഹന്നാൻ[2]] അപ്പോൾ അകത്തു ചെന്നു കണ്ടു[3] വിശ്വസിച്ചു (യോഹന്നാൻ 20:6–8).

വിശ്വാസം ജനിക്കുവാൻ യോഹന്നാൻ എന്താണ് കണ്ടത്? "ശീലകൾ ചുരുട്ടി വെക്കുന്നതും തലയിലെ റൂ–മാൽ ... വേറിട്ട് കിടക്കുന്നതും അവൻ കണ്ടു." ആരെങ്കിലും അവന്റെ ശരീരം പെട്ടെന്ന് നീക്കം ചെയ്തതാണെങ്കിൽ,[4] ശീലകൾ ചുരുട്ടി വെക്കുവാനോ, റൂ–മാൽ മാറ്റി വൃത്തിയായി വെക്കുവാനോ തുനിയുകയില്ല. മനുഷ്യരാൽ അസാധ്യവും, എന്നാൽ ദൈവത്താൽ സാധ്യവുമായതാണ് യോഹന്നാൻ കണ്ടത്. യേശു പലപ്പോഴും മുന്നറിയിച്ചി

ട്ടുള്ള ഉയർത്തെഴുന്നേല്പിനോടു യോജിക്കുന്നതായിരുന്നു അത് (മത്തായി 16:21; 17:23; 20:19; മർക്കൊസ് 8:31; 9:31; 10:34; ലൂക്കൊസ് 9:22; യോഹന്നാൻ 2:19).

നിങ്ങളും ഞാനും സമയം എടുത്ത് തെളിവുകൾ പരിശോധിച്ചാൽ, യോഹന്നാനുണ്ടായ വിശ്വാസം നമ്മിലുമുണ്ടാകും. യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നു വിശ്വസിക്കുവാനുള്ള കാരണങ്ങൾ ധാരാളമുണ്ട്. ഉദാഹരണത്തിന്, അവന്റെ ഉയർപ്പിനുശേഷം അവനെ ജീവനോടെ കണ്ട വിശ്വസിക്കാവുന്ന നൂറുകണക്കിനു സാക്ഷികളുടെ സാക്ഷ്യം നമുക്കുണ്ട് (1 കൊരിന്ത്യർ 15:4-8).

യേശുവിന്റെ ശിഷ്യന്മാരിലുണ്ടായ മാറ്റം ഒരു തെളിവാണ്. അവനെ പിടിച്ച് വിചാരണ ചെയ്തപ്പോൾ ശിഷ്യന്മാരുടെ ആരുടേയും സ്വഭാവം മതിപ്പുളവാക്കുന്നതായിരുന്നില്ല. അവരിൽ ആരിലും ധൈര്യമില്ലായിരുന്നു. ഒന്നുകിൽ അവർ ജീവനും കൊണ്ടോടി അല്ലെങ്കിൽ അപകടത്തിൽനിന്നകന്നിരുന്നു കാണും. യേശുവിനെ അറിയുന്നില്ല എന്ന് പത്രൊസ് തള്ളിപ്പറയുകപോലും ചെയ്തു. ഉയർത്തെഴുന്നേല്പിനുശേഷം, എങ്ങനെയായാലും, അതേ പുരുഷന്മാർ തുറന്നു ധൈര്യത്തോടെ യേശുവിനെ പ്രസംഗിച്ചു. അവരുടെ ദൃഢവിശ്വാസത്തിന്റെ മാറ്റൊലി പുതിയനിയമ താളുകളിലെല്ലാം കാണാം.

അവർക്ക് തീർച്ചയുണ്ടായിരുന്നത് എന്തിലായിരുന്നു? യേശു *ജീവിച്ചിരിക്കുന്നു* എന്നതായിരുന്നു. ആ തീർച്ചയായിരുന്നു അപ്പൊസ്തലന്മാരുടെ ജീവിതത്തെ മാറ്റിയത്. പിന്നീട് അവരുടെ വിശ്വാസത്തെ ഇളക്കാവുന്നതായിരുന്നില്ല - തടവിലാക്കിയിട്ടും, അടികൊണ്ടിട്ടും, കല്ലേറുകൊണ്ടിട്ടും, കൊല്ലപ്പെട്ടിട്ടുപോലും. ബലഹീനരും, മനസുറപ്പില്ലാത്തവരും, വിശ്വാസമില്ലാത്തവരുമായ പുരുഷന്മാർ ലോകം കണ്ടിട്ടില്ലാത്ത ശക്തിയുള്ള വ്യക്തികളായി തീർന്നു. അവരുടെ ഉപദേശം റോമാ സാമ്രാജ്യം വീണടിയുന്നതുവരെ അതിനെ ഇളക്കുക തന്നെ ചെയ്തു. ആ പുരുഷന്മാരിലുണ്ടായ മാറ്റത്തെ ഉയർത്തെഴുന്നേല്പിനപ്പുറമായി വിശദമാക്കുവാൻ സാധ്യമല്ല. അവർ ഉയർത്തെഴുന്നേറ്റ കർത്താവിനെ കാണുകയും അത് അവരുടെ ജീവിതത്തെ എന്നേക്കുമായി മാറ്റുകയും ചെയ്തു.

യേശു ദൈവത്തിന്റ പുത്രനാണെന്ന് ഉയർത്തെഴുന്നേല്പ് വളരെ കാലം മുൻപ് തെളിയിച്ചു, ആ വലിയ സത്യം ഇന്നും ഘോഷിച്ചുകൊണ്ടാണിരിക്കുന്നത്.

## യേശുവിന്റെ യാഗം സ്വീകരിച്ചു

യേശുവിന്റെ ക്രൂശിലെ മരണം ദൈവം അംഗീകരിച്ചതിന്റെ തെളിവായിരുന്നു അവന്റെ ഉയർത്തെഴുന്നേല്പ്. ക്രൂശിൽ കേന്ദ്രീകരിച്ചിരിക്കുന്നതാണ് ക്രിസ്ത്യാനിത്വം. ''ക്രൂശ് മുഖാന്തരമാണ്'' നാം ദൈവത്തോട് നിരപ്പാകുന്നത് (എഫെസ്യർ 2:16). യേശുവിന്റെ യാഗം മുഖാന്തരം ദൈവനീതിക്ക് തൃപ്തി വരികയും,[5] നമുക്ക് നിത്യജീവന്റെ പ്രത്യാശ ലഭിക്കുകയും ചെയ്തു. അതുകൊണ്ട് പൗലൊസ് പറഞ്ഞു, "ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ലാതെ ... മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെയിടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരിന്ത്യർ 2:2). നാം കർത്തൃമേശക്കായി ഓരോ കർത്തൃദിവസവും കൂടി വരുമ്പോൾ, നാം "അവന്റെ മരണത്തെ പ്രസ്താവിക്കുന്നു" (1 കൊരിന്ത്യർ 11:26).

എങ്ങനെയായാലും, യേശു മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റില്ലായിരുന്നുവെങ്കിൽ, ക്രൂശ് അതിന്റെ ഉദ്ദേശം നിറവേറ്റുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പാപങ്ങൾക്ക് വേണ്ടിയുള്ള യേശുവിന്റെ യാഗം ദൈവം സ്വീകരിച്ചു എന്നതിന്റെ തെളിവായിരുന്നു അവന്റെ ഉയർത്തെഴുന്നേല്പ്. ആ അർത്ഥത്തിൽ, നാം ക്രിസ്തുവിന്റെ മരണത്താൽ മാത്രമല്ല, അവന്റെ ഉയർപ്പിനാലുമാണ് രക്ഷിക്കപ്പെട്ടത്. അതുകൊണ്ട് പൗലൊസ് യേശുവിനെ കുറിച്ച് പറഞ്ഞു, "നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിന് ഏല്പിച്ചും നമ്മുടെ *നീതീകരണത്തിനായി* അവനെ *ഉയർപ്പിച്ചുമിരിക്കുന്നു*" (റോമർ 4:25; എംഫസിസ് മൈൻ).

## നമുക്ക് രക്ഷ പ്രാപിക്കാൻ കഴിയും

യേശുവിന്റെ യാഗം ദൈവം സ്വീകരിച്ചതിന്റെ ആവേശകരമായ ഫലം നിങ്ങൾക്കും എനിക്കും രക്ഷ പ്രാപിപ്പാൻ കഴിയും എന്നതാണ്. നമ്മുടെ പാപത്തിൽ മരിക്കുന്നതിൽനിന്നും ജീവന്റെ പുതുക്കത്തിലേക്ക് എഴുന്നേൽക്കുവാൻ നമുക്ക് കഴിയുമെന്ന് ഉയർത്തെഴുന്നേല്പ് വ്യക്തമാക്കുന്നു.

തനിക്ക് *ആത്മീയ* സൗഖ്യം വരുത്തുവാൻ കഴിയുമെന്ന് *ഭൗതിക*മായി സൗഖ്യമാക്കി യേശു തെളിയിച്ചു (മത്തായി 9:6 നോക്കുക). അതുപോലെ, യേശുവിന്റെ ശാരീരിക ഉയർപ്പും ജീവന്റെ പുതുക്കത്തിലേക്കുള്ള നമ്മുടെ *ആത്മീയ* ഉയർപ്പും തമ്മിലുള്ള ബന്ധത്തിന് പുതിയനിയമം ഊന്നൽ കൊടുത്തിരിക്കുന്നു. റോമയിലെ ക്രിസ്ത്യാനികൾക്ക് പൗലൊസ് എഴുതി,

> അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ, നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ, പുനരുത്ഥനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന്, നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു ... (റോമർ 6:4-6).

പൗലൊസ് എഫെസ്യർക്ക് ലേഖനം എഴുതിയപ്പോൾ, അവരുടെ പരിവർത്തനത്തെ ഈ വാക്കുകളിൽ ചുരുക്കി പറയുന്നു: "അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ അവൻ [ദൈവം] *ക്രിസ്തു*വിനോടുകൂടെ ജീവിപ്പിച്ചു" (എഫെസ്യർ 2:5; എംഫസിസ് മൈൻ). ദൈവത്തിന്റെ അനുഗ്രഹങ്ങൾ "അവന്റെ അളവറ്റ വലുപ്പത്താലും മരിച്ചവരിൽനിന്നും ക്രിസ്തുവിനെ *മരിച്ചവരിൽനിന്നും ഉയർപ്പിച്ചവന്റെ* വ്യാപാരത്താലും അത്രേ നല്കുന്നത്" (1:19, 20; എംഫസിസ് മൈൻ).

## ജീവനുള്ള ഒരു രക്ഷകൻ നമുക്കുണ്ട്

ഒരിക്കൽ നാം പാപത്തിൽനിന്നു രക്ഷിക്കപ്പെട്ടാൽ, പിന്നെ ക്രിസ്തീയ ജീവിതം നയിക്കുവാൻ നമുക്ക് സഹായം ആവശ്യമാണ്. നമുക്കുവേണ്ടി "ജീവിച്ചിരുന്നു പക്ഷപാതം ചെയ്യുന്ന" ഒരു രക്ഷകൻ നമുക്ക് ഉണ്ടെന്ന് പ്രഖ്യാപിക്കുന്നതാണ് ഉയർത്തെഴുന്നേല്പ് (എബ്രായർ 7:25). നിർജീവമായ

ഒരു ധർമ്മോപദേശമല്ല നമുക്ക് ഉള്ളത്, പിന്നെയോ ജീവിക്കുന്ന വ്യക്തിത്വമാണ്.

എല്ലാ നാളും നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നാണ് യേശു വാഗ്ദാനം ചെയ്തിട്ടുള്ളത് (മത്തായി 28:20). അവന്റെ നാമത്തിൽ നാം കൂടിവരുമ്പോൾ നമ്മുടെ മദ്ധ്യത്തിലുണ്ടാകുമെന്ന് അവൻ പറഞ്ഞിട്ടുണ്ട് (മത്തായി 18:20). നാം പരീക്ഷിക്കപ്പെടുമ്പോൾ അവൻ നമ്മെ സഹായിക്കുമെന്നും നമ്മുടെ "ബലഹീനതകളിൽ സഹതാപം കാണിപ്പാൻ" കഴിവുള്ള "കരുണയും വിശ്വസ്തതയുമുള്ള" മഹാപുരോഹിതനാണ് അവനെന്ന് എബ്രായലേഖകൻ പറയുന്നു (2:17; 4:15; 2:18). അവൻ മുഖാന്തരം "കരുണയും സഹായത്തിനുള്ള കൃപയും പ്രാപിക്കുന്നു" (എബ്രായർ 4:16).

യേശുവിന്റെ "മരണത്താൽ നാം ദൈവത്തോട് നിരപ്പിലെത്തുക" മാത്രമല്ല, "അവന്റെ ജീവനാൽ രക്ഷിക്കപ്പെടുകയും ചെയ്യുന്നു" (റോമർ 5:10). ജീവിച്ചിരുന്നു കരുതുന്ന ഒരു രക്ഷകനുള്ളതുകൊണ്ട് നമുക്ക് ദൈവത്തെ സ്തുതിക്കാം!

## ഒരു ദിവസത്തെ വേർതിരിച്ചിരിക്കുന്നു

പ്രത്യേകമായ ഉദ്ദേശത്തിനായി ഒരു ദിവസത്തെ വേർതിരിച്ചിരിക്കുന്നതായി ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നു. "ഒരു ദിവസത്തെ വേർതിരിച്ചിരിക്കുന്നു" എന്ന് ഞാൻ പറയുമ്പോൾ, ക്രിസ്തീയ ആഘോഷത്തിനായി വർഷത്തിലൊരിക്കൽ ഒന്നോ രണ്ടോ ദിവസത്തെ മാറ്റി വെച്ചിരിക്കുന്നതിനെ അല്ല സൂചിപ്പിക്കുന്നത് (ഗലാത്യർ 4:10 നോക്കുക). അല്ലെങ്കിൽ പഴയനിയമത്തിൽ മാറ്റി വെച്ചിരുന്ന ഏഴാം നാളു (ശബ്ബത്ത്) മല്ല (പുറപ്പാട് 20:8–11; ആവർത്തനപുസ്തകം 5:12–15).

മറിച്ച്, നാം "ഞായറാഴ്ച്ച" എന്നു വിളിക്കുന്ന, ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളാണ്. പ്രാരംഭസഭ ആരാധിക്കുവാൻ കൂടിവന്ന ദിവസമായിരുന്നു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ – കർത്തൃമേശ ആചരിക്കുന്നതിനും (പ്രവൃത്തികൾ 20:7) ഓരോരുത്തർക്കും കഴിവുള്ളത് നൽകുന്നതിനുമാണ് (1 കൊരിന്ത്യർ 16:2). ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിനെ അപ്പൊസ്തലനായിരുന്ന യോഹന്നാൻ "കർത്തൃദിവസം" എന്നാണ് വിളിച്ചത് (വെളിപ്പാട് 1:10).

ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാൾ എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾക്ക് പ്രത്യേകതയുള്ളതായിരുന്നത് (ആണ്)? കാരണം കർത്താവ് *ഉയർത്തെഴുന്നേറ്റു* വന്നത് ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലായിരുന്നു.[6] "*ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ* അതികാലത്ത് സൂര്യൻ ഉദിച്ചപ്പോൾ [സ്ത്രീകൾ] കല്ലറക്കൽ എത്തി എന്നാണ് മർക്കൊസ് പറയുന്നത്" (മർക്കൊസ് 16:2; എംഫസിസ് മൈൻ). അവിടെ വെച്ച് ഒരു ദൂതൻ അവരോട് പറഞ്ഞു "ഭ്രമിക്കേണ്ട, ക്രൂശിക്കപ്പെട്ട നസ്രായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വെച്ച സ്ഥലവും ഇതാ" (മർക്കൊസ് 16:6). ക്രിസ്ത്യാനികൾക്ക്, ഓരോ ആഴ്ച്ചവട്ടത്തിലെ പ്രഭാതവും "ഉയർത്തെഴുന്നേല്പ് പ്രഭാതമാണ്."

## നാമും, കൂടെ, ഉയിർക്കപ്പെടും

ഉയർത്തെഴുന്നേല്പിന്റെ ഏറ്റവും ത്രസിപ്പിക്കുന്ന സന്ദേശത്തിലേക്കാണ് നാം അടുത്തു കടക്കുന്നത്:ഒരിക്കൽ നമ്മുടെ ശരീരങ്ങളും, കൂടെ, മരിച്ചവ

രിൽനിന്ന് ഉയിർക്കപ്പെടും എന്നാണ് അത് പ്രഖ്യാപിക്കുന്നത്! വളരെ മുമ്പ്, ഇയ്യോബ് ചോദിച്ചു, "ഒരു മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?" (ഇയ്യോബ് 14:14). ദൈവത്തിന്റെ ഉത്തരം "ഉവ്വ് എന്നാണ് - കാരണം യേശു ഉയർത്തെഴുന്നേറ്റു!" ആ സത്യം 1 കൊരിന്ത്യർ 15-ൽ ഉറപ്പിച്ചിട്ടുണ്ട്:

> എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്ന് ഉയർത്തിരിക്കുന്നു. മനുഷ്യൻ മൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തരും താന്താന്റെ നിരയിലത്രെ. ആദ്യഫലം ക്രിസ്തു പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം. അന്ന് അവൻ എല്ലാ വാഴ്ച്ചക്കും, അധികാരത്തിനും, ശക്തിക്കും നീക്കം വരുത്തീട്ട്, രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും; അവൻ സകല ശത്രുക്കളേയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു. ... ഒടുക്കത്തെ ശത്രുവായിട്ട് മരണം നീങ്ങിപ്പോകും (വാക്യങ്ങൾ 20-26).

നാം "നന്മ പ്രവൃത്തികൾ" ചെയ്തിട്ടുണ്ടെങ്കിൽ, "ജീവന്നായും" "തിന്മ പ്രവൃത്തികൾ" ചെയ്താൽ "ന്യായവിധിക്കായും" പുനരുത്ഥാനം ചെയ്യും (യോഹന്നാൻ 5:29) - എന്നാൽ നാം *എല്ലാവരും* ഉയർത്തെഴുന്നേല്ക്കും. മരണം ഇനി മതിലല്ല, വാതിൽ മാത്രമാണ്. അത് അങ്ങനെ ആണെന്ന് ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നു!

**ദൈവം തന്റെ വചനം കാക്കും**

ഒരു സന്ദേശം കൂടെ നാം ശ്രദ്ധിക്കണം, എല്ലാവരും പഠിക്കേണ്ട പൊതുവായ ഒരു സത്യം: ദൈവം തന്റെ വചനം കാത്തുകൊള്ളുമെന്ന പ്രഖ്യാപനമാണ് ഉയർത്തെഴുന്നേല്പ് നടത്തുന്നത്. ഉപദേഷ്ടാക്കന്മാർ പറയാറുണ്ട്, "താൻ അർത്ഥമാക്കിയതാണ് ദൈവം പറയുന്നത്, അതാണ് ദൈവം പറയുമ്പോൾ അർത്ഥമാക്കുന്നതു!"

തന്റെ ഉയർപ്പിനെ കുറിച്ചുള്ള അറിയിപ്പുകളെല്ലാം അവന്റെ ശ്രോതാക്കളിൽ മതിപ്പുളവാക്കിയിരുന്നു, പ്രത്യേകിച്ച് അവൻ മന്ദിരത്തെ കുറിച്ച് ഗൂഢാർത്ഥത്തിൽ പറഞ്ഞത്: യേശു അവരോട്, "ഈ മന്ദിരം പൊളിപ്പിൻ, മൂന്നു ദിവസത്തിനകം ഞാൻ അതിനെ പണിയും"; "തന്റെ ശരീരം എന്ന മന്ദിരത്തെ കുറിച്ചായിരുന്നു പറഞ്ഞത്" (യോഹന്നാൻ 2:19, 21). യേശുവിനെ കയ്യഫാവിന്റെ അടുക്കൽ വിചാരണക്ക് കൊണ്ടുപോയപ്പോൾ, ഒരു കള്ള സാക്ഷി ആ മുന്നറിയിപ്പ് ഉദ്ധരിക്കയുണ്ടായി (മത്തായി 26:61). യേശു ക്രൂശിൽ ആയിരുന്നപ്പോൾ, ആദരവില്ലാത്ത പുരുഷാരം അത്യുച്ചത്തിൽ പറഞ്ഞു, "മന്ദിരം പൊളിച്ച് മൂന്നു നാൾകൊണ്ടു പണിയുന്നവനേ, നീ നിന്നെത്തന്നെ രക്ഷിക്ക!" (മത്തായി 27:40).[7]

അവന്റെ മുന്നറിയിപ്പുകൾ, യേശുവിന്റെ ശത്രുക്കൾ വിശ്വസിച്ചില്ല; എങ്കിലും അത് അങ്ങനെ സംഭവിച്ചു. അവന്റെ ശരീരമായ - ഭൗതിക മന്ദിരം - ക്രൂശിൽ മരിച്ചു, മൂന്നാം നാൾ ഉയർത്തെഴുന്നേറ്റു, മരിച്ചവരിൽനിന്ന് ശരീരത്തോടെ ഉയർത്തെഴുന്നേറ്റു. കർത്താവ് ഒരു കാര്യം അങ്ങനെ ആയിരിക്കും എന്ന് പറഞ്ഞാൽ അത് അങ്ങനെ തന്നെ ആയിരിക്കും. നിങ്ങൾക്ക് അത് വിശ്വസിക്കാം!

## ഉപസംഹാരം

ഉയർത്തെഴുന്നേല്പിൽ തങ്ങൾ വിശ്വസിക്കുന്നു എന്നു പറയും - പക്ഷെ വർഷത്തിൽ ഒരിക്കൽ എന്നതിനാണ് അവർ ഊന്നൽ കൊടുത്തിരിക്കുന്നത്. അതേസമയും ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്ന വലിയ സത്യങ്ങളെ അവർ നിഷേധിക്കയും ചെയ്യുന്നു:

- യേശു ദൈവത്തിന്റെ പുത്രൻ ആണെന്ന് ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നു - എന്നാൽ പലരും അവന്റെ ദൈവികതത്വത്തെ നിഷേധിക്കുന്നു.
- ദൈവകോപത്തെ ശമിപ്പിക്കുന്നതായി ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നു - എന്നാൽ പലരും പാപം വാസ്തവത്തിലുള്ളതാണെന്നും പാപത്തെ ദൈവം ശിക്ഷിക്കുമെന്നും കണക്കാക്കുന്നില്ല.
- നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയുമെന്ന് ഉർത്തെഴുന്നേൽപ് പ്രഖ്യാപിക്കുന്നു. നമ്മുടെ വിശ്വാസം നമ്മെ, യേശുവിന്റെ മരണം, അടക്കം, ഉയർത്തെഴുന്നേല്പ് എന്നിവയോടുള്ള ബന്ധത്തിൽ സ്നാനമേൽക്കുവാൻ പ്രേരിപ്പിക്കുന്നു (ഗലാത്യർ 3:26, 27) - എന്നാൽ ചിലർ സ്നാനത്തിന്റെ ആവശ്യത്തെ നിരാകരിക്കയും, ചിലർ സ്നാനപ്പെടുമ്പോൾ ക്രിസ്തുവിനെ ധരിക്കുവാനും മടിക്കുന്നു.
- നമുക്ക് വേണ്ടി പക്ഷപാതം ചെയ്യുന്ന, ജീവിക്കുന്ന ഒരു രക്ഷകനുണ്ടെന്നാണ് ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നത് - എന്നാൽ പലരും ദൈവം ജീവിതത്തിന് വ്യക്തിപരമായ ശക്തി നല്കുമെന്ന ആശയത്തെ തള്ളിക്കളഞ്ഞിരിക്കയാണ്.
- ഒരിക്കൽ നാമും ഉയർത്തെഴുന്നേല്ക്കുമെന്നാണ് ഉയർപ്പ് പ്രഖ്യാപിക്കുന്നത് - എന്നാൽ പലരും ശരീരം ഉയിർക്കുന്നത് നിഷേധിച്ചിരിക്കുകയാണ്.
- ദൈവം തന്റെ വചനത്തിനു പിന്നിലുണ്ട് എന്നാണ് ഉയർത്തെഴുന്നേല്പ് പ്രഖ്യാപിക്കുന്നത്.

വർഷങ്ങൾക്ക് മുൻപ്, 760-വർഷം-പഴക്കമുണ്ടായിരുന്ന ബ്രിട്ടനിലെ ഏറ്റവും വലിയ പള്ളിയായിരുന്ന യോർക്ക് മിനിസ്റ്ററിന്റെ പാർശ്വഘടന തീപിടിച്ച് നശിച്ചപ്പോൾ, ഇംഗ്ലണ്ട് മുഴുവൻ ദുഃഖിക്കുകയുണ്ടായി. ഓരോ വർഷവും നിരവധി സന്ദർശകരെ ആ പള്ളി ആകർഷിച്ചിരുന്നു. ആ തീപിടിച്ച അപകടം പോലെ, ഒരു സംഭവം അതിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് നടക്കുകയുണ്ടായി. ആ കെട്ടിടത്തിൽ “ദ റെവ.ഡേവിഡ് ജെങ്കിൻസ്” എന്ന നാട്യേനയുള്ള പദവി സ്വീകരിച്ചയാൾ അഭിഷിക്തനായ “ഡുർഹാമിലെ ബിഷപ്” ആയിരുന്നു - യേശുവിന്റെ കന്യകാ ജനനത്തെയോ യേശു വാസ്തവത്തിൽ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റു എന്നോ താൻ വിശ്വസിക്കുന്നില്ല എന്ന് പ്രഖ്യാപിച്ചിട്ടുപോലും അയാളെ ബിഷപ്പായി അവരോധിച്ചു![8]

നിങ്ങൾ ഉയർത്തെഴുന്നേല്പിൽ വിശ്വസിക്കുന്നുണ്ടോ? എങ്കിൽ അതു പ്രഖ്യാപിക്കുക! എങ്കിൽ അതുപോലെ ജീവിക്കുക!

നിങ്ങൾ ഉയർത്തെഴുന്നേല്പിൽ വിശ്വസിക്കുന്നു എങ്കിൽ, നിങ്ങൾ സ്നാനം ഏല്ക്കണം, അതിനു മടിക്കരുത്.[9] ദൈവം ഇറങ്ങി വന്നു തന്റെ

പുത്രനെ മരിച്ചവരിൽനിന്ന് ഉയർപ്പിച്ച ശക്തിയാൽ, അതേ ദൈവത്തിന്റെ ശക്തിയാലും സ്നേഹത്താലും നിങ്ങൾക്ക് പുതുജീവൻ നല്കും - നിങ്ങൾ അവന്റെ ഇഷ്ടത്തിന് കീഴ്പ്പെടണമെന്നു മാത്രം.

---

കുറിപ്പുകൾ

[1]യേശു കർത്തൃമേശ സ്ഥാപിച്ചപ്പോൾ, അതു തന്റെ മരണത്തെ പ്രഖ്യാപിക്കുന്നതാണെന്ന് പറയുകയുണ്ടായി (1 കൊരിന്ത്യർ 11:23-26); എന്നാൽ അത്താഴവും ഉയർത്തെഴുന്നേല്പും തമ്മിൽ അടുത്ത ഒരു ബന്ധമുണ്ട്. യേശു ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ ഉയർത്തെഴുന്നേറ്റതുകൊണ്ട് (മത്തായി 28:1-6), സഭ ഒന്നാം നാളിൽ കൂടിവരുന്നു - പ്രത്യേകിച്ച് കർത്തൃമേശ എടുക്കേണ്ടതിന് (പ്രവൃത്തികൾ 20:7; 1 കൊരിന്ത്യർ 16:1, 2 നോക്കുക). [2]പത്രൊസിനോടുകൂടെ ഉണ്ടായിരുന്ന ആളെ തിരിച്ചറിയുന്നത് "യേശു സ്നേഹിച്ച ശിഷ്യൻ" എന്ന നിലയിലാണ് (യോഹന്നാൻ 20:2), അതു തന്നെക്കുറിച്ചു യോഹന്നാൻ പറയുന്ന പതിവാണെന്ന് മിക്കപേരും വിശ്വസിക്കുന്നു (കൂടാതെ യോഹന്നാൻ 13:23; 19:26; 21:7, 20). [3]"കണ്ടു" എന്നതിനുള്ള ഗ്രീക്ക് വാക്ക് ഉപയോഗിച്ചിരിക്കുന്നത് വെറും നിരീക്ഷണത്തേക്കാളധികമാണെന്ന് സൂചിപ്പിക്കുന്നു; മനസിലാക്കലാണ് അത് സൂചിപ്പിക്കുന്നത്. [4]ചിലർ ഈ അവകാശം ഉന്നയിച്ചിട്ടുണ്ട്. യോഹന്നാൻ 20:2 ഉം മത്തായി 28:11-15 ഉം വായിക്കുക. [5]അനേകർക്ക് പരിചയമില്ലാത്ത വാക്കായി ഒരു വിധത്തിൽ തിരുവെഴുത്ത് പറയുന്നു: "പ്രായശ്ചിത്തം" (1 യോഹന്നാൻ 2:2; 4:10). ഈ വാക്കിന്റെ ചുരുങ്ങിയ വിവരണത്തിന് ഈ പുസ്തകത്തിലുള്ള "യേശു ക്രൂശിൽ മരിക്കേണ്ടി വന്നതെന്തുകൊണ്ട്?" എന്ന ലേഖനം നോക്കുക. [6]ശബ്ബത്തും ഒന്നാം നാളും ഇംഗ്ലീഷിൽ "റെസ്" എന്ന ഉച്ചാരണത്തോടെയാണ് ആരംഭിക്കുന്നത്: ശബ്ബത്ത് ദൈവത്തിന്റെ വിശ്രമത്തെ ഓർപ്പിക്കുന്നതാണ്. ഒന്നാം നാൾ യേശുവിന്റെ ഉയർപ്പിനെ ഓർപ്പിക്കുന്നതാണ്. [7]കൂടാതെ, പ്രവൃത്തികൾ 6:14 ലെ ന്യായാധിപസഭയുടെ പ്രസ്താവനയും നോക്കുക. [8]ഈ ചിത്രീകരണം എടുത്തിരിക്കുന്നത്, 1986 ഏപ്രിൽ 13 ന് ടെക്സാസിലെ, അമരിലോയിലെ സെൻട്രൽ ചർച്ച് ഓഫ് ക്രൈസ്റ്റിന്റെ ചർച്ച് ബുള്ളറ്റിൻ ആയ *ഹിൽടോപ് റിഫ്ളെക്ഷൻസിൽ* വന്ന, "ഇറ്റ് ഈസ് എ ടൈം ടു ടേക് എ സ്റ്റാൻഡ് എന്നതിൽനിന്ന്." [9]മുൻപ് സ്നാനത്തിന്റെ പ്രാധാന്യത്തെ എടുത്തു പറഞ്ഞപ്പോൾ ഒരു വേദഭാഗം ഉദ്ധരിക്കുകയുണ്ടായി. ആരെങ്കിലും കർത്താവിൽനിന്ന് അകുന്നു പോയിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് വേണമെങ്കിൽ യഥാസ്ഥാനത്തിന്ഊന്നൽ കൊടുക്കാം (യാക്കൊബ് 5:16; പ്രവൃത്തികൾ 8:22).